**ക്രമപ്രശ്നം**

ധനകാര്യ ബില്ലിന്റെ അവതരണം

ശ്രീ. കെ. എസ്. ശബരീനാഥൻ: ഇന്ന് കേരള ധനകാര്യ ബില്ലും ധനകാര്യ (2-ാം നമ്പർ) ബില്ലും അവതരിപ്പിച്ച് സബ്ജക്ട് കമ്മിറ്റിയിലേയ്ക്ക് അയയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. പക്ഷെ രണ്ട് ദിവസത്തെ ധനാഭ്യർത്ഥനകളുടെ ചർച്ചകൾ ഇപ്പോഴും ബാക്കിയുണ്ട്. നാളെ, 21-ാം തീയതി കൃഷി, ജലസേചനം, ശുദ്ധജലവിതരണം സംബന്ധിച്ച ധനാഭ്യർത്ഥനകളും 22-ാം തീയതി വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം, മത്സ്യബന്ധനം എന്നീ ധനാഭ്യർത്ഥനകളും സഭയിൽ പരിഗണിക്കാനിരിക്കുന്നതേയുള്ളൂ. രണ്ടുദിവസത്തെ ധനാഭ്യർത്ഥനകൾ ബാക്കിയുള്ളപ്പോൾ 2018-19-ലെ ധനകാര്യബിൽ സബ്ജക്ട് കമ്മിറ്റിയ്ക്ക് വിടുന്നത് ക്രമപ്രകാരമല്ല. ശക്ധർ ആന്റ് കൗൾ-ൽ വ്യക്തമായി പറയുന്നുണ്ട് - ' A Finance Bill should, however, be preceded by the Demands for Grants and the connected Appropriation Bill and the sequence in regard to Budget, as provided in articles 112 to 115 of the Constitution, should be followed'. ഇവിടെ 'should' എന്ന പദം നമ്മൾ ശ്രദ്ധിക്കേണ്ടതാണ്. അതോടൊപ്പം ലോക്സഭാ സെക്രട്ടേറിയറ്റ് പ്രസിദ്ധീകരിച്ചിട്ടുള്ള ഫിനാൻസ് ബില്ലിന്റെ ബഡ്ജറ്ററി

പ്രോസസിലും വളരെ വ്യക്തമായി ഇക്കാര്യം പറയുകയാണ്. നമ്മുടെ സഭയിൽത്തന്നെ 1983-ൽ ഇ. കെ. നായനാർ, കെ. വി. സുരേന്ദ്രനാഥ്, വർക്കല രാധാകൃഷ്ണൻ എന്നിവർ ഇതിനെക്കുറിച്ചുള്ള തടസ്സവാദങ്ങൾ അന്ന് ഉന്നയിച്ചിരുന്നു. അന്ന് വർക്കല രാധാകൃഷ്ണൻ പറഞ്ഞ കാര്യങ്ങൾ ഞാൻ ക്വാട്ട് ചെയ്യുകയാണ് - 'സർ, നമ്മുടെ ഭരണഘടനയിൽ വ്യക്തമായി അക്കാര്യം നിർവ്വഹിച്ചിട്ടുണ്ട്. വളരെ വ്യക്തമായി കോടതിവിധി പ്രഖ്യാപിച്ചിട്ടുണ്ട്. അപ്രോപ്രിയേഷൻ ബില്ലും ഡിമാന്റ്സ് ഫോർ ഗ്രാന്റും സഭ അംഗീകരിച്ചതിനുശേഷം മാത്രമേ സാധാരണ ഫിനാൻസ് ബിൽ എടുക്കാൻ പാടുള്ളൂ. ഇവിടെ കോടതികളിലും മറ്റ് സംസ്ഥാന നിയമസഭകളിലും ഇതുസംബന്ധിച്ച തീരുമാനമെടുത്തിട്ടുണ്ട്. അങ്ങ് ദയവായി പരിശോധിക്കണം'.

എന്റെ അറിവിൽ ഒരു പ്രാവശ്യം, 2005-ലൊഴികെ ബാക്കി എല്ലാ സമയങ്ങളിലും ധനാഭ്യർത്ഥനകളുടെ ചർച്ചകൾ പൂർത്തിയായതിനുശേഷമാണ് ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയിലേയ്ക്ക് അയയ്ക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തെക്കുറിച്ച് ഒരു റൂളിംഗ് അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. കെ. എസ്. ശബരീനാഥൻ ഉന്നയിച്ചതാണ് സാധാരണഗതിയിലുള്ള നടപടിക്രമം.

പാർലമെന്റിലാണെങ്കിലും അതുതന്നെയാണ്. ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് കഴിഞ്ഞതിനുശേഷമാണ് ധനകാര്യ ബിൽ അവതരിപ്പിക്കാറുള്ളത്. ഇനി ഫുൾ ബഡ്ജറ്റ് ഇപ്പോൾ പാസ്സാക്കുന്നതുകൊണ്ടാണോ എന്താണെന്നറിയില്ല. ഇതൊരു ശരിയായ കീഴ്വഴക്കമല്ല. ഡിമാന്റ്സ് ഫോർ ഗ്രാന്റ്സെല്ലാം കഴിഞ്ഞശേഷം മാത്രമേ സാധാരണഗതിയിൽ അവതരിപ്പിക്കാറുള്ളൂ. അതിന്റെ വസ്തുത അതാണ്. പാർലമെന്റിലും നിയമസഭകളിലും അതുന്നെയാണ് ഫോളോ ചെയ്യുന്നത്. കേരള നിയമസഭയിലും ഇതുവരെ ഫോളോ ചെയ്തിട്ടുള്ളതും ആ രീതി തന്നെയാണ്. അസാധാരണമായ സിറ്റ്വേഷനുണ്ടായത് എന്തുകൊണ്ടാണെന്നുള്ള കാര്യം അങ്ങ് പരിശോധിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, 2018-ലെ ബഡ്ജറ്റിന്മേലുള്ള ചർച്ച പൂർത്തിയാകുന്നതിനുമുമ്പ് ധനകാര്യ ബിൽ ചർച്ച ചെയ്യുന്നത് ക്രമപ്രകാരമല്ല എന്ന തടസ്സവാദമാണ് ഉന്നയിച്ചിട്ടുള്ളത്. ഇതിനുമുമ്പ് 2005-ലാണ് ഇങ്ങനെയൊന്നുണ്ടായതെന്നും ബഹുമാനപ്പെട്ട അംഗം പറയുകയുണ്ടായി. എന്റെ ഓർമ്മ ശരിയാണെങ്കിൽ ആ വർഷവും മാർച്ച് മാസം അവസാനിക്കുന്നതിനുമുമ്പ് ആദ്യമായി ഫുൾ ബഡ്ജറ്റ് പാസ്സാക്കിയ വർഷമെന്നാണ് എന്റെ ഓർമ്മ. ഏതായാലും ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചകൾ

അവസാനിച്ചതിനുശേഷം 22-03-2018-ന് മാത്രമാണ് വിഷയനിർണ്ണയ സമിതി മുമ്പാകെ ധനകാര്യ ബിൽ പരിഗണിക്കുന്നതും ബിൽ സഭയിൽ ഖണ്ഡം ഖണ്ഡമായി ചർച്ചയ്ക്കെടുക്കുകയും ചെയ്യുന്നത്. ധനകാര്യ ബിൽ നിയമസഭ പാസ്സാക്കുന്നത് 27-03-2018-ന് മാത്രമാണ്. അതിനാൽ ഇപ്രകാരം ബിൽ അവതരിപ്പിക്കുന്നതിന് നിയമതടസ്സമില്ല.